**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.704** 29.09.2016 -ൽ മറുപടിക്ക്

## നാഷണൽ ഹൈവേകളുടെ വീതി

| **ചോദ്യം**<br>**ശ്രീ.സി.മമ്മൂട്ടി** | **ഉത്തരം**<br>**ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ വീതി 45 മീറ്ററാക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ഈ രീതിയിൽ റോഡു വികസിപ്പിക്കുവാൻ 60 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലം ആവശ്യമാണ്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് റൈറ്റ് ഓഫ് വേ 45 മീറ്ററായി നിജപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ എൻ.എച്ച്.എ.ഐയ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച മറുപടി കേന്ദ്രത്തിന് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ബി) & (സി) സംസ്ഥാന സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.94/2014/പൊ.മ.വ തീയതി 25.10.2014 പ്രകാരം ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലമെടുപ്പിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് പൂർണ്ണ സഹകരണം ഉറപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**